**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3462** **12-03-2025 - ൽ മറുപടിയ്ക്ക്**

**പൊലിമ പുതുക്കാട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ നാൽപ്പതിനായിരത്തോളം വനിതകളെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി കൃഷി, തദ്ദേശം, സഹകരണ വകുപ്പുകളുടെ സഹകരണത്തോടെ കൃഷിയിലേർപ്പെടുത്തുന്നതിന് 'പൊലിമ പുതുക്കാട്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br><br>തൃതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും കൃഷി വകുപ്പിന്റെ പച്ചക്കറി കൃഷി വികസന പദ്ധതി വിഹിതവും പൊലിമ പുതുക്കാട് പദ്ധതിയുടെ നടത്തിപ്പിനായി മുൻഗണനാടിസ്ഥാനത്തിൽ അനുവദിച്ച് നടപ്പിലാക്കി വരുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 8 ലക്ഷം രൂപയുടെ പച്ചക്കറി തൈകൾ 2022-23 വർഷം പൊലിമ പുതുക്കാട് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയുണ്ടായി. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനും വിപുലീകരണത്തിനുമായി കൃഷിവകുപ്പ് പ്രത്യേകം ഫണ്ടും അനുബന്ധ പദ്ധതികളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br><br>തൃതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും കൃഷി വകുപ്പിന്റെ പച്ചക്കറി കൃഷി വികസന പദ്ധതി വിഹിതവും പൊലിമ പുതുക്കാട് പദ്ധതിയുടെ നടത്തിപ്പിനായി മുൻഗണനാടിസ്ഥാനത്തിൽ അനുവദിച്ച് നടപ്പിലാക്കി വരുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 8 ലക്ഷം രൂപയുടെ പച്ചക്കറി തൈകൾ 2022-23 വർഷം പൊലിമ പുതുക്കാട് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയുണ്ടായി. |
| (സി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ കാർഷികസംസ്കാരവും കൃഷിയോട് ആഭിമുഖ്യവും വളർത്തുന്നതിന് സഹായകരമായ രീതിയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കുമോ? | (സി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ കാർഷികസംസ്കാരവും കൃഷിയോട് ആഭിമുഖ്യവും വളർത്തുന്നതിന് സഹായകരമായ വിവിധ പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.<br><br>പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ ഒരു മുഖ്യഘടകമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രോജക്റ്റ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. കൂടാതെ<br><br>മികച്ച രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന വിദ്യാലയങ്ങൾക്കും സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കും അവാർഡും പ്രോത്സാഹന സമ്മാനങ്ങളും നൽകി കൃഷി വകുപ്പ് ആദരിച്ചു വരുന്നു.പച്ചക്കറി വികസന പദ്ധതിയുടെ കീഴിൽ പോഷക സമൃദ്ധി മിഷന്റെ ഭാഗമായി കൃഷി വകുപ്പും, വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പുമായിസംയോജിപ്പിച്ച് സ്കൂളുകളിൽ പോഷത്തോട്ടം, പച്ചക്കറിത്തോട്ടം തുടങ്ങിയവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുകയും സങ്കരയിനം ഉൾപ്പെടെയുള്ള വിവിധ ഇനം പച്ചക്കറി വിത്ത്, തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവ പൂർണ്ണമായും സൗജന്യമായി വിദ്യാർത്ഥികൾക്ക് വിതരണം നടത്തി വരുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ